# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.3/372/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കായണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.3/372/2023 തീയ്യതി: 20/03/2023

## കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 03-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രതസിംഗ് കെ.പി. | ഡെപ്യൂട്ടി ഡയറക്ടർ | 04-03-2023 | 10-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-03-2023 | 10-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി കെ.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.ദിശ.ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീജിത്ത് കെ.വി, ഓഡിറ്റർ
ശ്രീമതി. അശ്വതി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സി.കെ.ശശി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ് കുമാർ.കെ.ടി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സായ് പ്രകാശ്.എൻ.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ മജീദ്.പി.സി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സന്തോഷ് കുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ.ജീജ കെ.എൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ. നിഷ സി.കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി.നീന.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രജനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുധ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.അഭിലാഷ്.ടി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 26-10-2021 |
| ശ്രീ.സോജോ.എ.നെറ്റോ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27-10-2021 | 31-03-2022 |
| ശ്രീ.വിനോദൻ.കെ.വി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-05-2021 |
| ശ്രീ.തോമസ്.എ.എ | ഹെഡ് മാസ്റ്റർ | 01-06-2021 | 31-10-2021 |
| ശ്രീ.ആനന്ദൻ.പി.പി. | ഹെഡ് മാസ്റ്റർ | 01-11-2021 | 31-03-2022 |
| ശ്രീ.മഹേഷ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 26-04-2021 |
| ശ്രീമതി.ജിഷ.ഒ.കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക- | 1-2. |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ഫണ്ട് വിനിയോഗം | 1-5 |
| 7 | കാഷ് ബാലൻസ് പരിശോധന | 1-6 |
| 8 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 1-7 |
| 9 | അളവുകളിലെ അവ്യക്തത പരിശോധിക്കാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു. | 1-8 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ സസ്പെൻഡ് ചെയ്യുന്നതിൽ വീഴ്ച | 1-9 |
| 11 | മാലിന്യ സംസ്കരണ ചുമതല- മോണിറ്ററിംഗ് ഫലപ്രദമല്ല | 1-10 |
| 12 | ഇലക്ഷൻ ഡെപ്പോസിറ്റ്- സമയ പരിധിക്ക് ശേഷം തുക നൽകി | 1-11 |
| 13 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-12 |
| 14 | എം ബുക്ക് , മറ്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകതകൾ | 1-13 |
| 15 | വനിതാ ഘടക പദ്ധതി രൂപീകരണത്തിലെ അപാകതകൾ | 1-14 |
| 16 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-15 |
| 17 | ഉയർന്ന ബാധ്യത വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നു. | 1-16 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 17.02.2021 ൽ കൂടിയ ഭരണസമിതിയുടെ 2/1 തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 23.03.2022 ലെ തീരുമാനം 1/22 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിൽ ഉള്ളത് |
|---|---|---|
| മുന്നിരിപ്പ് | 78,94,780 | 78,94,780 |
| വരവ് | 27,50,58,701 | 4,70,19,078 |
| ആകെ | 28,29,53,481 | 5,49,13,858 |
| ചെലവ് | 28,23,09,558 | 4,85,04,222 |
| നീക്കിയിരിപ്പ് | 6,43,923 | 64,09,636 |

### 1-2. വാർഷികധനകാര്യപത്രിക-

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 29.07.2021 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾകൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. Amount Payable To Other Creditors എന്ന ശീർഷകത്തിൽ 873 രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ് കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. Excess Of Income Over Expenditure എന്ന ശീർഷകത്തിലെ 2020-21 വർഷത്തെ നീക്കിയിരിപ്പും 2021-22

വർഷത്തെ മുന്നിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് മൂല്യം നീക്കിയിരിപ്പുണ്ടെങ്കിലും മൂല്യാടിസ്ഥാനത്തിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ പ്രസ്തുത ശീർഷകത്തിലെ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4. സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ചെലവ് വിവരവും വാർഷിക കണക്കിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

5. വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിലെ ബി-11 ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടുള്ളതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമിയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

6. തൊഴിലുറപ്പ് പദ്ധതിയുടെ ചാർട്ടേഡ് അക്കൗണ്ടന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിലെ ശമ്പള ബാധ്യതകൾ 2022 മാർച്ച് മാസത്തെ ശമ്പള ബില്ലുകൾ പ്രകാരമുള്ള ബാധ്യതകളുമായി പൊരുത്തപ്പെടുന്നില്ല.
ഉദാ- 350110104 ശീർഷകത്തിലെ പെൻഷൻ കോൺട്രിബ്യൂഷൻ ബാധ്യത വാർഷിക കണക്ക് പ്രകാരം 65844/- രൂപയും 2022 മാർച്ച് മാസത്തെ ശമ്പള ബില്ലുകൾ പ്രകാരം 55947/- രൂപയുമാണ്. 350200103 സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് ബാധ്യത വാർഷിക കണക്ക് പ്രകാരം 10700/- രൂപയും 2022 മാർച്ച് മാസത്തെ ശമ്പള ബില്ലുകൾ പ്രകാരം 10200/- രൂപയുമാണ്.

8. 10. വാർഷിക കണക്കിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ തുകകളെ സാധൂകരിക്കുന്ന തരത്തിൽ സ്ഥാപനത്തിൽ യാതൊരു രേഖയും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

9. തെറ്റായ ശീർഷകങ്ങളിൽ വരവ് ചെലവുകൾ ബുക്ക് ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഒരുദാഹരണം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന് 15082/- രൂപ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് / ചെലവ് വന്നിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീതി |
|---|---|---|---|---|

| റിപ്പോർട്ട് വർഷം | നമ്പർ | തുക | പേരും ഉദ്യോഗപ്പേരും | നമ്പർ |
|---|---|---|---|---|
| 2019-20 | 1-16 ഭാഗം 3 3-1 | 15082 | ശ്രീമതി.നീന അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി | 121010100323 തി 10.08.21 |

വൗച്ചർ നമ്പർ 22100109/27.10.21 ന് തന്നെ 15082/- രൂപ സർക്കാറിലേക്ക് തിരിച്ചടച്ചു. (ചലാൻ നമ്പർ കെ.എൽ 014653318202122/27.10.21).ഈ തുക ഗ്രാമപഞ്ചായത്തിൽ വരവ് വന്നപ്പോൾ എടുത്ത രശീതിയിൽ Prior Period Items എന്നാണ് വരവ് വെച്ചത് .അടച്ചതാകട്ടെ ഗവ.ഡ്യൂസ് എന്ന ഇനത്തിലുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 78,94,780 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,70,19,078 |
| ആകെ | 5,49,13,858 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,85,04,222 |
| നീക്കിയിരിപ്പ് | 64,09,636 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 102963974 | 107 | 33930138 | 1 | 26 | 79.85 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | യരിപ്പ് |
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 7320400 | 7320400 | 7320400 | 0 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 3455667 | 3455667 | 3455667 | 0 |
| വികസന ഫണ്ട് – .ടി.എസ്.പി (ACR പ്രകാരം) | 110000 | 110000 | 110000 | 0 |
| മെയിന്റനൽസ് ഗ്രാന്റ് -റോഡ് (ACR പ്രകാരം) | 12590000 | 12590000 | 9199843 | 3390157 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് (ACR പ്രകാരം) | 4853319 | 4853319 | 3601603 | 1251716 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (ടൈഡ്) ട്രഷറി മുഖേന | 1888784 | 1888784 | 0 | 1888784 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (ടൈഡ്) ബാങ്ക് മുഖേന | 2695000 | 2695000 | 1328130 | 1,366,870 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (അൺടൈഡ്) ട്രഷറി മുഖേന | 82417 | 82417 | 82417 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (അൺടൈഡ്) ബാങ്ക് മുഖേന | 1797000 | 1797000 | 1285389 | 511611 |

## 1-6 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-03-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21147/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 7, പട്ടിക 2 പ്രകാരം സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപം ഉള്ള വ്യാപാരങ്ങൾക്ക് പരമാവധി 500 രൂപയും, 10 ലക്ഷം രൂപയിൽ കൂടുതലും 25 ലക്ഷം രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപം ഉള്ള വ്യാപാരങ്ങൾക്ക് പരാമവധി 1,000/- രൂപയും ലൈസൻസ് ഫീയായി ഈടാക്കാവുന്നതാണ്. 2021-22 വർഷത്തിൽ ലഭ്യമായ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് സംഭവിച്ചതായി കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു .

എ) ലൈസൻസ് അപ്ലിക്കേഷൻ രജിസ്റ്റർ നമ്പർ 18/2021-22 പ്രകാരം ശ്രീ.ലിനീഷ്.എം.ടി യുടെ ഉടമസ്ഥതയിലുള്ള താലി ഗോൾഡ് ജ്വല്ലറിയുടെ മൂലധന നിക്ഷേപം 17 ലക്ഷം രൂപയായാണ് ലൈസൻസ് അപേക്ഷയോടൊപ്പമുള്ള മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലൈസൻസ് ഫീ ആയി 500 രൂപയാണ് ഈടാക്കിയിരിക്കുന്നത്.

ബി) ലൈസൻസ് ആപ്ലിക്കേഷൻ നമ്പർ 19/2021- 22 പ്രകാരം ശ്രീ. ശിവദാസൻ കെ.കെ യുടെ ഉടമസ്ഥതയിലുള്ള ബ്രൈറ്റ് ഇലക്ട്രിക്കൽസിന്റെ മൂലധന നിക്ഷേപം, ലൈസൻസ് അപേക്ഷയോടൊപ്പമുള്ള മൂലധനനിക്ഷേപം കണക്കാക്കുന്നതിനുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 15 ലക്ഷം രൂപയാണ്. ലൈസൻസ് ഫീ ആയി 400 രൂപയാണ് ഈടാക്കിയിരിക്കുന്നത്.

ലൈസൻസ് ഫീ കുറവായി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതും ലൈസൻസ് ഫീ പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-8 അളവുകളിലെ അവ്യക്തത പരിശോധിക്കാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു.

ഫയൽ നം. SC1-287/2021 Dt. 28.09.2021

ശ്രീ.സജി.മാത്യു, വാഴക്കാമലയിൽ, എരപ്പാൻതോട് എന്നവരുടെ റസിഡൻഷ്യൽ കം കമേഴ്സ്യൽ കെട്ടിടത്തിന്റെ ഒക്യുപൻസി അനുവദിക്കുന്നതിനുള്ള അപേക്ഷയിന്മേൽ കെട്ടിടത്തിന് 6/191 B, 6/191/C, 6/191 D, 6/191 E, 6/191 F, 6/191 G, 6/191 H എന്നീ നമ്പറുകൾ അനുവദിച്ചിട്ടുണ്ട്.

12.10.2020 തിയ്യതിയിലെ BA-24/2020-21(A1-3392/20) നമ്പർ പ്രകാരം അനുവദിച്ച പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്. 148.7 ചതുരശ്ര മീറ്റർ വാണിജ്യാവശ്യത്തിനും 92.95 ചതുരശ്ര മീറ്റർ താമസാവശ്യത്തിനുമുള്ള കെട്ടിടത്തിന് ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗ് ഉൾപ്പെടെ മൂന്ന് കാർ പാർക്കിംഗ് ആവശ്യമാണ്. കെട്ടിടത്തിന്റെ

പിറക് ഭാഗത്തായാണ് പാർക്കിംഗ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിൽ നിന്നും അതിരിലേക്ക് വലത് പാർശ്വഭാഗത്തായി 1.4 മീറ്ററും ഇടത് പാർശ്വ ഭാഗത്തായി 3.1 മീറ്ററും അകലമാണ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇടത് പാർശ്വ ഭാഗത്ത് 3 മീറ്റർ വീതിയിലാണ് പാർക്കിംഗ് ഏരിയയിലേക്കുള്ള ഡ്രൈവ് വേ കാണിച്ചിട്ടുള്ളത്. 1:200 അനുപാതത്തിലാണ് പാർക്കിംഗ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. പാർക്കിംഗ് പ്ലാനിൽ കെട്ടിടത്തിന്റെ ഇടത് പാർശ്വ ഭാഗത്ത് L ആകൃതിയിൽ കട്ടിംഗ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ ഘടനയിൽ ഇത്തരത്തിലുള്ള കട്ടിംഗ് ഇല്ല. സ്കെയിൽ പരിശോധിച്ചതിൽ 3.10 മീറ്റർ അകലം രേഖപ്പെടുത്തിയിട്ടുള്ള ഭാഗത്ത് യഥാർത്ഥത്തിൽ 1.6 മീറ്റർ മാത്രമെ വീതി ഉള്ളൂ എന്നതും വ്യക്തമാണ്. മേൽ സാഹചര്യത്തിൽ ഇടത് പാര്യശ്വ ഭാഗത്ത് കൂടി 3 മീറ്റർ വീതിയിൽ ഡ്രൈവ് വേ പ്രായോഗികമല്ലെന്നത് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും സൈറ്റ് പരിശോധിച്ച് യഥാർത്ഥ അളവുകൾ ഓഡിറ്റിനെ അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. പാർക്കിംഗിന്റെ പ്രായോഗികത പരിശോധിക്കാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ച നടപടിക്ക് വിശദീകരിക്കേണ്ടതും കെട്ടിടത്തിന്റെ അളവുകൾ പരിശോധിച്ച് ഒക്യുപൻസി അനുവദിച്ച നടപടി പുനപരിശോധിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-9 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ സസ്പെൻഡ് ചെയ്യുന്നതിൽ വീഴ്ച

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്ന സാഹചര്യങ്ങളിൽ സമയബന്ധിതമായി ഗുണഭോക്താക്കളെ സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ സസ്പെൻഡ് ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം മൂലം മരണപ്പെട്ട പെൻഷനറുടെ തുടർന്നുള്ള കാലങ്ങളിലേക്കും പെൻഷൻ ജനറേറ്റ് ചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| പെൻഷനറുടെ പേര്, വിലാസം | പെൻഷൻ ഇനം | മരണപ്പെട്ട തിയ്യതി | മരണം ഗ്രാമ പഞ്ചായ | അവസാനമായി പെൻഷൻ | സസ്പെൻഡ് ചെയ്ത തിയ്യതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ത്തിൽ റിപ്പോർട്ട് ചെയ്ത തിയ്യതി | വിതരണം ചെയ്തത് | |
| വെള്ളൻ, ഓരിക്കണ്ടിത്തറ, ചെറുകാട് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 21.11.2022 | 5.12.2022 | ഡിസംബർ 2022 വരെ | സസ്പെൻഡ് ചെയ്തിട്ടില്ല. |

ഗ്രാമപഞ്ചായത്തിൽ ലഭ്യമാവുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് തല പരിശോധന നടത്തി മരണപ്പെട്ട ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്യുന്നതിന് മാതൃകാപരമായി നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും ഇത്തരം പരിശോധനകൾക്ക് മതിയായ മനുഷ്യശേഷി സ്ഥാപനത്തിൽ ലഭ്യമല്ലാത്തത് കാലതാമസത്തിന് കാരണമാവുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിക്ക് പുറത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന മരണറിപ്പോർട്ടുകൾ സ്ഥാപനത്തിൽ ലഭ്യമാവാത്തത് മൂലം മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തി സസ്പെൻഡ് ചെയ്യുന്നതിനും സാധ്യമാവുന്നില്ല.

പെൻഷൻ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കപ്പെടുന്നത് സേവന സോഷ്യൽ സെക്യൂരിറ്റി സോഫ്റ്റ്‌വെയറിലും മരണം രജിസ്റ്റർ ചെയ്യപ്പെടുന്നത് സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിലുമാണ്. രണ്ട് സോഫ്റ്റ്‌വെയറുകളിലും വെബ് /ക്ലൗഡ് സർവ്വറിലാണ് വിവരങ്ങൾ ശേഖരിക്കപ്പെടുന്നത്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന രീതികളിലൂടെ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം തിരിച്ചറിഞ്ഞ് സസ്പെൻഡ് ചെയ്യുന്നതിനും ഫീൽഡ് തലത്തിലുള്ള മനുഷ്യശേഷിയുടെ വിനിയോഗം കുറയ്ക്കാനും സാധിക്കും.

1. പെൻഷൻ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്താവിന്റെ തിരിച്ചറിയൽ കാർഡ് നം, റേഷൻ കാർഡ് എന്നിവ സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിലൂടെ വിശകലനം ചെയ്യാൻ സാധിക്കുന്ന വിധത്തിൽ മരണം റിപ്പോർട്ടിംഗ് ഫോറത്തിലൂടെ മേൽ വിവരങ്ങൾ ശേഖരിച്ച് സോഫ്റ്റ്‌വെയറിലൂടെ വിശകലനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുക.

2. ഗ്രാമപഞ്ചായത്തിന് പുറത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങൾ സംബന്ധിച്ച വിവരം മരണപ്പെട്ടയാൾ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിക്ക് സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിലൂടെ അലർട്ട് മെസേജായി ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുക. സോഫ്റ്റ്‌വെയറിൽ ഇതു സംബന്ധിച്ച് ക്രമീകരണം ഒരുക്കുന്നത് വരെ നിലവിലുള്ള രീതി തുടരേണ്ടതും കാലതാമസം ഒഴിവാക്കുന്നതിന്

ശ്രദ്ധിക്കേണ്ടതുമാണ്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-10 മാലിന്യ സംസ്കരണ ചുമതല- മോണിറ്ററിംഗ് ഫലപ്രദമല്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഖരമാലിന്യ പരിപാലന ചുമതലയുമായി ബന്ധപ്പെട്ട പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 129/22- അജൈവ മാലിന്യം നീക്കം ചെയ്യൽ- ക്ലീൻ കേരളക്ക് തുക കൈമാറൽ എന്ന പദ്ധതിയുടെ ഭാഗമായി 1820 കിലോ ഗ്രാം മാലിന്യം നിർമ്മാർജനം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് 21476 രൂപ കൈമാറിയിട്ടുണ്ടെങ്കിലും നിർമ്മാർജ്ജനം ചെയ്ത മാലിന്യത്തിന്റെ അളവ് വ്യക്തമാക്കുന്ന യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
2. 2020 വർഷത്തിലാണ് ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിൽ 4370 വീടുകളിൽ നിന്നും 428 വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുമാണ് ഹരിത കർമ്മ സേന അജൈവ മാലിന്യ ശേഖരണം നടത്തുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ മേൽ കണക്ക് പ്രകാരം പ്രതിമാസം 261300 രൂപ യൂസർ ഫീ ഇനത്തിൽ ഹരിത കർമ്മസേനക്ക് വരുമാനമുണ്ടാകേണ്ടതാണ്. എന്നാൽ ഹരിത കർമ്മസേനയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ നിന്നും നാമമാത്രമായ തുക മാത്രമെ സ്ഥാപനം യൂസർ ഫീ ആയി പിരിച്ചെടുത്തിട്ടുള്ളൂ എന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ പ്രസിഡണ്ടിനെ നേരിൽ കേട്ടതിൽ ഭൂരിഭാഗം വീടുകളിൽ നിന്നും യൂസർഫീ ലഭിക്കാറില്ലെന്നും പലരും അശാസ്ത്രീയമായി പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെയുള്ളവ സംസ്കരിക്കുന്നുണ്ടെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് തിയ്യതിയിൽ ഹരിത കർമ്മസേന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പരിശോധിച്ചതിൽ 1593 രൂപ മാത്രമെ നീക്കിയിരിപ്പുള്ളൂ എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. 60 ശതമാനത്തിൽ താഴെ ഗുണഭോക്താക്കൾ മാത്രമെ യൂസർ ഫീ അടക്കാൻ തയ്യാറാകുന്നുള്ളൂ എന്ന് ഹരിതകർമ്മസേന പ്രസിഡണ്ട് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. 2021- 22 വർഷത്തിൽ 132643 രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടായി ഹരിത കർമ്മസേനക്ക് നൽകിയിട്ടുണ്ട്. 2020 മുതൽ പ്രവർത്തനം ആരംഭിച്ച ഹരിത കർമ്മ സേനക്ക് 21-22 വർഷത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ച സാഹചര്യം വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തനം ആരംഭിച്ച് മൂന്ന് വർഷം പൂർത്തിയായിട്ടും വി.ജി.എഫ് നൽകിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. യൂസർഫീ ലഭ്യമാവാത്തതും ശേഖരിക്കുന്ന മാലിന്യങ്ങൾ യഥാസമയം വേർതിരിച്ച് മൂല്യമുള്ളവ കയ്യൊഴിയാനാവാത്തതും ഹരിതകർമ്മസേന നേരിടുന്ന വെല്ലുവിളിയാണ്. സ്മാർട്ട് ഗാർബേജ് ആപ്പ് പ്രകാരമുള്ള ഡാറ്റ പരിശോധിച്ചതിൽ 2023 ഫെബ്രുവരി മാസത്തിൽ 1875 വീടുകളിൽ നിന്നും മാത്രമെ മാലിന്യം ശേഖരിക്കുന്നതിന് ഹരിതകർമ്മസേനക്ക് സാധിച്ചിട്ടുള്ളൂ. ആയതിൽ 1293 വീടുകളിൽ നിന്നും മാത്രമെ യൂസർ ഫീ ലഭ്യമായിട്ടുള്ളൂ. ഹരിതകർമ്മ

സേന നേരിടുന്ന മേൽ വെല്ലുവിളി പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. യൂസർ ഫീക്ക് പുറമെ മൂല്യ സാധ്യതയുള്ള മാലിന്യ വിൽപനയിലൂടെയും ഹരിത കർമ്മസേനക്ക് വരുമാനമുണ്ടാകേണ്ടതാണ്. പക്ഷേ 22-23 വർഷത്തിൽ റിജക്റ്റഡ് വേസ്റ്റ് കയ്യൊഴിയുന്നതിന് 66198 രൂപയാണ് ഓഡിറ്റ് തിയ്യതി വരെയും സ്ഥാപനം ചെലവഴിച്ചത്. എന്നാൽ ഈ കാലയളവിൽ 10169 രൂപ മാത്രമെ സ്ഥാപനത്തിന് മാലിന്യ വിൽപനയിലൂടെ ഹരിതകർമ്മസേനക്ക് ലഭ്യമായിട്ടുള്ളൂ. മേൽ വസ്തുതകളിൽ നിന്നും സേനാംഗങ്ങൾക്ക് ഉപജീവനത്തിനുള്ള വേതനം പോലും 2021-22 വർഷത്തിൽ ലഭ്യമായിട്ടില്ലെന്നത് വ്യക്തമാണ്. എന്നാൽ 2021-22 വർഷത്തിൽ യൂസർ ഫീ പിരിച്ചെടുക്കുന്നതിലും ഹരിതകർമ്മ സേനയെ പ്രവർത്തന നിരതമാക്കുന്നതിലും മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഹരിത സഹായ സ്ഥാപനം സ്ഥാപനത്തിലെ മാലിന്യത്തിന്റെ അളവ്, സ്വഭാവം എന്നിവ പഠിച്ച് വിശദമായ ഡി.പി.ആർ തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഹരിത കർമ്മ സേനയെ കൺസോർഷ്യമാക്കി മാറ്റുന്നതിനും നാളിതുവരെ സാധ്യമായിട്ടില്ല.

ഹരിത കർമ്മസേനയെ പ്രവർത്തന നിരതമാക്കുന്നതിനാവശ്യമായ ഇടപെടലുകളും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയും ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രതിമാസം വിലയിരുത്തി ശാസ്ത്രീയമായ മാലിന്യ പരിപാലനം ഉറപ്പാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-11 ഇലക്ഷൻ ഡെപ്പോസിറ്റ്- സമയ പരിധിക്ക് ശേഷം തുക നൽകി

2020 ഡിസംബർ മാസം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികൾ അടവാക്കിയ ഇലക്ഷൻ ഡെപ്പോസിറ്റ് സമയപരിധിക്കു ശേഷം തിരികെ നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 144(2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം മൂന്ന് മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. 2020 ഡിസംബർ മാസം തെരഞ്ഞെടുപ്പ് ഫലം വന്ന സാഹചര്യത്തിൽ നിക്ഷേപം 2021 മാർച്ച് മാസത്തിനകം സ്ഥാനാർത്ഥികൾക്ക് തിരിച്ച് നൽകേണ്ടതായിരുന്നു . എന്നാൽ പ്രസ്തുത സമയപരിധിക്കു ശേഷമാണ് 21-22 വർഷത്തിൽ മൂന്ന് പേർക്ക് ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകിയത്.അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

കാലഹരണപ്പെട്ട മേൽ തുകകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും കാലപരിധി പിന്നിട്ടതിന് ശേഷം ഡെപ്പോസിറ്റ് തിരികെ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-12 ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

കായണ്ണ ഗ്രാമപഞ്ചായത്തിൽ 21-22ൽ ലൈഫ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ പ്രോജക്ടിൽ വന്ന ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം- 29 /21-22 ലൈഫ്. SC

അടങ്കൽ- 8380000

ചെലവ് തുക- 3940000

ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

| ഗുണഭോക്താക്കൾ | കൈപറ്റിയ ഗഡു | അവസാന ഗഡു കൈപറ്റിയ തിയ്യതി |
|---|---|---|
| പ്രജിഷ/വാർഡ്.7 | 300000 | 15.6.22 |
| മോളി/ വാർഡ്.8 | 300000 | 16.6.22 |
| ഹരിതകൃഷ്ണ/വാർഡ്.8 | 300000 | 5.8.22 |
| ബബിഷ/വാർഡ്.12 | 300000 | 23.8.22 |
| അശ്വതി /വാർഡ്.5 | 300000 | 17-9-22 |
| സുകന്യ/വാർഡ്.5 | 300000 | 2-11-22 |

മേൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്

1-13 എം ബുക്ക് , മറ്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് വൗച്ചർ നമ്പർ 22100372/18.08.21 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് അസി.എഞ്ചിനീയറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 118066/ രൂപയ്ക്ക് 18 ഇനം രജിസ്റ്ററുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ പ്രധാനമായി 50/25 പേജിന്റെ എം ബുക്കുകളാണ് .ഇത് 500 എണ്ണം വീതം വാങ്ങിയിട്ടുണ്ട് ..എം ബുക്കുകൾ പരിപാലിക്കുന്നതിൽ താഴെ പറയുന്ന

അപാകതകൾ കാണുന്നു.

1. എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിൽ പരിപാലിക്കുന്ന രജിസ്റ്ററിൽ 50 പേജിന്റേയും 25 പേജിന്റേയും 500 എം ബുക്കുകൾ വീതം 06.08.21 ന് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ 29.06.21 ലെ ഇൻവോയിസ് പ്രകാരം ലഭിച്ച എം ബുക്കുകൾക്ക് 18.08.21 ന് പണം അനുവദിക്കുകയാണ് ഉണ്ടായത്. ഇത്തരത്തിൽ എം ബുക്ക് സ്റ്റോക്കിൽ എടുക്കുമ്പോൾ തന്നെ 19.06.21 ന് ഓപ്പണിംഗ് ബാലൻസ് ആയി 50 പേജിന്റെ 250 എണ്ണവും 25 പേജിന്റെ 400 എണ്ണവും കാണിച്ചിട്ടുണ്ട്. ഇതിൽ നിന്നാണ് 2021-22 മുതൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിലേക്ക് ബുക്കുകൾ വിതരണം ചെയ്തത്. വിശദാംശം താഴെ കൊടുക്കുന്നു .

| എം ബുക്ക് പേജുകളുടെ എണ്ണം | 19.06.21 ലെ ഓപ്പണിംഗ് സ്റ്റോക്ക് | 06.08.21 ലെ ന്യൂ സ്റ്റോക്ക് | ആകെ | അനുവദിച്ചത് (നാളിതുവരെ) | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| 25 | 400 | 500 | 900 | 488 | 412 | സ്റ്റോക്കിൽ 392 എണ്ണം മാത്രമാണ് ഉള്ളത് |
| 50 | 250 | 500 | 750 | 425 | 325 | സ്റ്റോക്കിൽ 330 എണ്ണം ഉണ്ട് |

50 പേജിന്റെ എം ബുക്ക് സ്റ്റോക്ക് 325 വേണ്ടിടത്ത് 392 എണ്ണവും 25 പേജിന്റെ എം ബുക്ക് സ്റ്റോക്ക് 412 വേണ്ടിടത്ത് 330 എണ്ണവും അവശേഷിക്കുന്നതായി രജിസ്റ്ററിൽ കാണുന്നു. ഇത് രജിസ്റ്റർ നേരാം വണ്ണം പരിപാലിക്കുന്നതിലെ വീഴ്ചയാണ്. 30.09.22ന് ശേഷം 50 പേജ് എം ബുക്ക് ആർക്കും അനുവദിച്ചതായി കാണുന്നില്ല. കൂടാതെ 25 പേജ് എം ബുക്ക് 22.06.22 ന് ശേഷവും അനുവദിച്ചിട്ടില്ല. ഓഡിറ്റ് തിയ്യതിയിൽ (08.03.23 ന്) നടത്തിയ സ്റ്റോക്ക് പരിശോധനയിൽ 25 പേജിന്റെ 324 ബുക്കും 50 പേജിന്റെ 40 ബുക്കും മാത്രമേ എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിൽ അവശേഷിക്കുന്നുള്ളൂ എന്ന് കണ്ടു. അതായത് 25 പേജിന്റെ 88 എം ബുക്കും (412-324=88), 50 പേജിന്റെ 285 എണ്ണവും (325-40=285)

സ്റ്റോക്കിൽ തുടർന്നും വിതരണം ചെയ്തിട്ടുണ്ട്. ഇത് രജിസ്റ്ററിൽ കാണിക്കാത്തതിനാലാണ് ഇത്ര അന്തരം വന്നത്. മേൽ കാണിച്ച എം .ബുക്ക് ഏതൊക്കെ തിയ്യതികളിൽ ആർക്കൊക്കെ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കേണ്ടതാണ് .

2.എം ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തും പരിപാലിക്കുന്നുണ്ട് . ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എം.ജി.എൻ.ആർ. ഇ.ജി.എസ് ഓഫീസ് ആവശ്യാർത്ഥം താഴെ കൊടുത്ത രീതിയിൽ എം ബുക്ക് നമ്പറിട്ട് അനുവദിച്ചിട്ടുണ്ട .

| വർഷം | എണ്ണം |
|---|---|
| 2019-20 | 437 |
| 2020-21 | 559 |
| 2021-22 | 342 |
| 2022-23 | 158 |

മേൽ എണ്ണത്തിൽ 25 പേജ്/50 പേജ് എന്നീ എം ബുക്കുകൾ എത്രയെണ്ണമാണ് നമ്പറിട്ട് അനുവദിച്ചതെന്ന് വ്യക്തമല്ല. എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പ്രവൃത്തിയ്ക്ക് അനുവദിക്കുന്ന എം ബുക്കുകൾ ഗ്രാമപഞ്ചായത്ത് നമ്പറിട്ട് തിരികെ നൽകുകയാണ് ചെയ്യുന്നത് .ഇങ്ങനെ കണക്കാക്കിയാൽ 2020-21 മുതൽ എഴുതി കണക്കാക്കിയ സ്റ്റോക്ക് രജിസ്റ്റർ (എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റോക്ക് രജിസ്റ്റർ) പ്രകാരം ആകെ 913 എം ബുക്കുകൾ ആണ് .( 50/25 പേജ് എം ബുക്കുകൾ) 2020-21 മുതൽ ഗ്രാമപഞ്ചായത്ത് നമ്പറിടാൻ നൽകിയത്. എന്നാൽ മേൽ പട്ടിക പ്രകാരം 2020-21 മുതൽ നാളിതുവരെ 1059 എം ബുക്ക് നമ്പറിട്ട് നൽകിയിട്ടുണ്ട് .ആകെ അനുവദിച്ചത് 913 ആയിരിക്കേ 1059 എണ്ണം (559+342+158=1059) നമ്പറിട്ടത് എങ്ങനെ എന്ന് വ്യക്തമല്ല .

2020-21, 21-22 വർഷത്തേക്ക് ഗ്രാമപഞ്ചായത്ത് പരിപാലിച്ച മറ്റൊരു സ്റ്റോക്ക് രജിസ്റ്ററിൽ പേജ് 117, 118, 119 എന്നിവയിൽ യഥാക്രമം എം ബുക്ക് 100 പേജ് 50 പേജ് 25 പേജ് എന്നിവയുടെ രേഖപ്പെടുത്തൽ ഉണ്ട്. പ്രസ്തുത രജിസ്റ്റർ പ്രകാരം 100/50/25 എന്നിവ യഥാക്രമം 22/75/5 എന്നീ ക്രമത്തിൽ ബാലൻസ് ഉള്ളതായി കാണുന്നു .എന്നാൽ ഭൗതീക പരിശോധനയിൽ ഇത് യഥാക്രമം 27/35/0 എന്നിങ്ങനെയാണ്.

എം ബുക്ക് കൂടാതെ 16 ഓളം രജിസ്റ്ററുകൾ 2021-22 ലെ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ് കൈപ്പറ്റിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്തതല്ലാതെ ആർക്ക് വിതരണം ചെയ്തു എന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് സ്റ്റോക്ക്

രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-14 വനിതാ ഘടക പദ്ധതി രൂപീകരണത്തിലെ അപാകതകൾ

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 21-22 വർഷത്തിൽ കായണ്ണ ഗ്രാമപഞ്ചായത്തിൽ വെറ്റിനറി സർജൻ നിർവഹണഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ: പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ : 54 കിടാരി വിതരണം (വനിത) | 1280000/- (വികസനഫണ്ട് ജനറൽ<br>640000.ഉ.വി<br>640000 | 1280000 (വികസനഫണ്ട് ജനറൽ) |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. സ.ഉ (കൈ)നം.11/2018 /തസ്വഭവ.തീ.29.1.2018 ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ഉത്പദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള പ്രൊജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്. വെറ്റിനറി സർജൻ നടപ്പിലാക്കിയ മേൽപദ്ധതി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-15 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

കായണ്ണ ഗ്രാമപഞ്ചായത്തിൽ 21-22 സാമ്പത്തിക വർഷം ഹെഡ് മാസ്റ്റർ നിർവഹണ

ഉദ്യോഗസ്ഥനായി താഴെ ചേർക്കും പ്രകാരമുള്ള തുകകൾ എസ്.എസ്.കെ ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട് . പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

| പ്രോജക്റ്റ് നമ്പർ | 69 | 71 |
|---|---|---|
| പ്രോജക്റ്റ് | എസ്.എസ്.എ 2021-22 ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ | എസ്.എസ്.എ 2021-22 ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ (എസ്.സി ) |
| ചെലവ് തുക | 100000 | 250000 |
| ബിൽ റഫറൻസ് നമ്പർ | 21170952003700254377തി 30.07,21) | 21170952003700254377തി 30.07,21) |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) | വികസന ഫണ്ട് (ജനറൽ) |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 350000/- രൂപ തടസ്സപ്പെടുത്തുന്നു.

1-16 ഉയർന്ന ബാധ്യത വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നു.

പരിമിതമായ വരുമാന സ്രോതസ്സുകൾ മാത്രമുള്ള കായണ്ണ ഗ്രാമപഞ്ചായത്ത് തൻവർഷം വിടവ് നികത്തൽ ഫണ്ടിന്റെ സഹായത്താലാണ് അനിവാര്യ ചുവതലകളുൾപ്പെടെയുള്ളവയുടെ നിർവ്വഹണത്തിനായി ആശ്രയിച്ചിട്ടുള്ളത്. സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്നും ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ 1076907/- രൂപ കൂടുതലാണെന്നത് ഉയർന്ന ലിക്വിഡിറ്റിയില്ലുള്ള ബാധ്യതയെന്ന് വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മേൽ സാഹചര്യത്തിലും 667811/- രൂപ തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിക്കായി വകയിരുത്തുകയും 38998/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ബാധ്യത | | ആസ്തി | |
|---|---|---|---|
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| BS 4 | 6119809 | BS 12 | 10000 |

| | | | |
|---|---|---|---|
| BS 7 | 753093 | BS 14 | 26886 |
| BS 9 | 1134628 | BS 15 | 130500 |
| | | BS 17 | 6409636 |
| | | BS 18 | 35360 |
| ആകെ | 8007530 | ആകെ | 6930623 |

ബാലൻസ് ഷീറ്റിലെ BS4, BS7 പ്രകാരമുള്ള ബാധ്യതാ തുക നിറവേറ്റുന്നതിന് BS 17 പ്രകാരമുള്ള നീക്കിയിരിപ്പ് തുക അപര്യാപ്തമാണ്. സ്ഥാപനത്തിന്റെ തനത് ഫണ്ട് കമ്മിയാണെന്നത് വ്യക്തമായിരിക്കെ 667811 രൂപ തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിക്കായി വകയിരുത്തുകയും 38998 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് .

ബാലൻസ് ഷീറ്റിലെ B5 പ്രകാരം 17,307,665/- രൂപ ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം സ്ഥാപനത്തിന് ബാധ്യതയുണ്ട്. മേൽ ബാധ്യത ബാലൻസ് ഷീറ്റിൽ B16 ഷെഡ്യൂൾ പ്രകാരം Prepaid Programme Expenses ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തിയതിനാൽ ഈ ഇനത്തിലുള്ള സ്ഥാപനത്തിന്റെ ബാധ്യത വാർഷിക കണക്കിൽ പ്രതിഫലിക്കപ്പെടുന്നില്ല. പ്രതി വർഷം 2000000/- രൂപ ഹഡ്കോ വായ്പയുടെ തിരിച്ചടവ് ഗഡുക്കളായി സർക്കാർ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്നുണ്ട്. വികസന ഫണ്ട് വകയിരുത്തേണ്ട നിർബന്ധിത പദ്ധതികൾക്ക് ശേഷം നാമ മാത്രമായ തുക മാത്രമെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് ലഭ്യമാവുന്നുള്ളു.

ലൈഫ് ഭവന പദ്ധതി പ്രകാരം 217 ഗുണഭോക്താക്കളാണ് 2020 ലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് ആകെ 86800000 രൂപ ആവശ്യമാണ്. ആയതിന്റെ 25 % സംസ്ഥാന വിഹിതം കുറച്ചാൽ 65100000 രൂപ ഗ്രാമപഞ്ചായത്ത് കണ്ടെത്തേണ്ടി വരും 20 ശതമാനം ഗ്രാമപഞ്ചായത്ത് വിഹിതമായും 55 ശതമാനം വായ്പയിലൂടെയും കണ്ടെത്തേണ്ടതുണ്ട്. 47740000/- രൂപ വായ്പയിലൂടെയാണ് കണ്ടെത്തേണ്ടത്. മേൽ വസ്തുത സെക്രട്ടറി 23.02.2023 തിയ്യതിയിൽ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ആയതിൽ നിലവിൽ 22103665/- രൂപ ഗ്രാമപഞ്ചായത്ത് ഹഡ്കോ വായ്പയിലുടെ കണ്ടെത്തിയിട്ടുണ്ട്. തനത് ഫണ്ട് കമ്മിയായതിനാൽ വായ്പയിലൂടെ മാത്രമെ മേൽ തുക സ്ഥാപനത്തിന് കണ്ടെത്താനാകു എന്നത് വ്യക്തമാണ്. എന്നാൽ സ്ഥാപനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ലോൺ എടുക്കുന്നത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. മേൽ ബാധ്യത പ്രതിഫലിപ്പിക്കാത്ത വിധത്തിലാണ് വാർഷിക കണക്ക് തയ്യാറാക്കിയിട്ടുള്ളത്.

തനത് വരുമാന സ്രോതസ്സുകൾ വർദ്ധിപ്പിക്കുക എന്നതാണ് തനത് ഫണ്ട് കമ്മി ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സ്വീകരിക്കാവുന്ന പ്രധാന മാർഗ്ഗം. തൊഴിൽ നികുതി, വസ്തു നികുതി, ഡി&ഒ ലൈസൻസ് എന്നിവയുടെ ഡിമാന്റ് 100 ശതമാനമാക്കുന്നതിനുള്ള ഫീൽഡ് തല സർവ്വേ പൂർത്തീകരിക്കേണ്ടതും ലോൺ തിരിച്ചടവ് കാലയളവ് ദീർഘിപ്പിക്കുന്നതിന് സർക്കാരിനെ സമീപിക്കുകയും ചെയ്യുന്നത് ഉചിതമാവും.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 09.03.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടേയും അവയുടെ വിനിയോഗത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് | 90000 | നെൽ കൃഷി കൂലി ചെലവ് | 90000 |

| | | | |
|---|---|---|---|
| പഞ്ചായത്ത് | 50000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50000 |
| | 300000 | മിൽക് ഇൻസെന്റീവ് | 300000 |
| ആകെ തുക | | | 440000 |
| | 180000 | നെൽ കൃഷി കൂലി ചെലവ് | 180000 |
| | 576600 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) | 576600 |
| | 200000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 |
| | 450000 | മിൽക് ഇൻസെന്റീവ് | 450000 |
| ആകെ തുക | | | 1406600 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ(എം.എസ്) | | 1,90,52,998 | 1745333 | | 17307665 |

| | | | | | | |
|---|---|---|---|---|---|---|
| മിഷൻ ഭവന പദ്ധതി | 68/2018.ത.സ്വ.ഭ.വ തീയതി- 18/08/2018 | | | | | |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇ.എം.എസ് മെമ്മോറിയൽ കോപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | 09.09.2014 | - | 10000 | |
| ആകെ | | | | 10000 | |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ |
|---|---|---|---|---|
| 2019-20 | 1-16 ഭാഗം 3 3-1 | 15082 | ശ്രീമതി നീന അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി | 121010100323 തി 10.08.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-02 | ലഭ്യമല്ല | 2004-05 (പൊതു പരാമർശം) | 11.1.3.20 | നികുതി പിരിവിൽ അലംഭാവം | നില നിൽക്കുന്നു. |
| 2016-17 | 3-3 | 2017-18 | 1-11-1 | TSB ഫണ്ട് ലഭിയ്ക്കുന്നില്ല. | നില നിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,70,19,078 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,85,04,222 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,50,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും<br>ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 3,50,000 | തോമസ്.എ.എ,<br>ഹെഡ് മാസ്റ്റർ |
| ആകെ | 3,50,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം<br>മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| തോമസ്.എ.എ ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ കക്കയം KHEP GLP | അരശിരാ പന്തിയിൽ മാട്ടനോട്.പി.ഒ കൂരാച്ചുണ്ട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി.3/1478/ 21(4)തീ. 23.09.22 | 2 | 2-2, 3-3 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.3/190/22 തീ-02.04.2022 | 6 | 2-1(1),3-1, 3-2,3-3, 3-4(3), 3-4(4), 3-5(1)(2)(3)(4)(5) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.4/2700/19 തീ-07.01.2019 | 4 | 3-1(4),3-2, 3-3,3-5 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.3/1552/21 തീ-07.04.2022 | 17 | 1-2, 1-3, 1-4, 1-5, 1-8, 1-9, 1-10, 1-12, 1-13, 1-15, |

| | | | |
|---|---|---|---|
| | | | 1-16, 1-18, 1-20, 1-21, 1-22, 3-1, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.3/1611/21 തീ-06.04.2022 | 19 | 1-2-1,1-2-2, 1-2-3, 1-2-7, 1-4, 1-9, 1-11, 1-12, 1-13, 1-15, 1-17-1, 1-17-2, 1-17-3, 1-18, 1-19, 1-20, 1-21, 1-22, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.3/965/22 തീ-25.05.2022 | 37 | 1-1 മുതൽ 1-34 വരെ 3-1 മുതൽ 3-33 വരെ |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്